(2) 2003-ലെ കേരള അംഗൻവാടി (വർക്കർ ആന്റ് ഹെൽപ്പർ) ക്ഷേമനിധി ബിൽ

(ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ നോട്ടീസ് നൽകിയത്)

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, 2003-ലെ കേരള അംഗൻവാടി (വർക്കർ ആന്റ് ഹെൽപ്പർ) ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ഇൻഫർമേഷനും പാർലിമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഇതിൽ ഐ.സി.ഡി.എസ്., യു.എസ്.എൻ.പി. പദ്ധതികളിൽ പ്രവർത്തിച്ചുവരുന്ന അംഗൻവാടി വർക്കേഴ്സിന്റെ ക്ഷേമത്തിനായി കേരള അംഗൻവാടി (വർക്കേഴ്സ് ഹെൽപ്പേഴ്സ്) വെൽഫയർ ഫണ്ട് എന്ന പേരിൽ ഒരു ക്ഷേമനിധി 1993 മുതൽ പ്രവർത്തിച്ചുവരുന്നു. ബഹുമാനപ്പെട്ട മെമ്പറുടെ ഈ സ്വകാര്യ ബില്ലിൽ പരാമർശിക്കുന്ന കാര്യങ്ങളെല്ലാം ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. അംഗൻവാടി വർക്കേഴ്സിന്റെ ക്ഷേമത്തിനായി സമഗ്രമായ ഒരു നിയമം ഇപ്പോൾ നിലവിലുള്ള സ്ഥിതിക്ക് ശ്രീ. പ്രതാപവർമ്മ തമ്പാന്റെ ബില്ലിന് പ്രസക്തി ഇല്ലാത്തതിനാൽ ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഇന്ദിരാഗാന്ധി കൽക്കട്ടയിലെ തെരുവീഥികളിലെ മൂന്നു വയസ്സ് തൊട്ട് വളരെ അനാഥമായി കിടക്കുന്ന കുഞ്ഞുങ്ങൾക്ക് ഒരു പോഷകാഹാര വിതരണം അടക്കം അവരെ ഒന്ന് സംരക്ഷിക്കുന്നതിനുവേണ്ടി ഇരുപതിന പരിപാടിയിൽ കൂടി ആരംഭിച്ചതായിരുന്നു ഈ സംയോജിത ശിശു വികസന പദ്ധതി. ഇരുപതിന പരിപാടിയിൽ ഒരു പരിപാടിയായിരുന്നു ഇത്. സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരളത്തിൽ 1975-ൽ മലപ്പുറം ജില്ലയിലെ വേങ്ങര ബ്ലോക്കിലാണ് പരീക്ഷണാടിസ്ഥാനത്തിൽ ഈ പദ്ധതി ആരംഭിച്ചത്. ബഹുമാന്യനായ മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ഈ പദ്ധതിക്ക് ശക്തമായ നിയമത്തിന്റെ പരിരക്ഷ കേരളത്തിൽ ഇല്ല. അദ്ദേഹം പറഞ്ഞത്. G.O. No. 12/92 Social Welfare Department, Thiruvananthapuram, dated 10th April, 1992 എന്ന ഗവൺമെന്റ് ഓർഡർ വഴിയാണ് ഇത് നടപ്പിലാക്കുന്നത് എന്നാണ്. Social Welfare Department—Constitution of Welfare Fund—Kerala Anganwadi Workers and Helpers—Welfare Fund for the Workers and Helpers of Anganwadies under ICDS &USNP projects—Sanctioned—Orders issued; ഒരു ഗവൺമെന്റ് ഓർഡർ മാത്രമാണുള്ളത്. ശക്തമായ ഒരു നിയമത്തിന്റെ പരിരക്ഷ ഇതിന് വേണ്ടതുപോലെ ലഭിക്കുന്നില്ല. ഏറ്റവും അവസാനമായി സോഷ്യൽ വെൽഫയർ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് അനുസരിച്ച് കേരളത്തിൽ 25,590 അംഗൻവാടികൾ ഉണ്ടെന്നും അതിൽ 24,347 എണ്ണം പ്രവർത്തിക്കുന്നുണ്ടെന്നും അതുപോലെ തന്നെ 163 സി.ഡി.പി.ഒ.-മാരുടെ പോസ്റ്റുകളിൽ 149 എണ്ണം പ്രവർത്തിക്കുന്നുണ്ടെന്നും സൂപ്പർവൈസർ 1154 സാങ്ഷൻ ചെയ്തതിൽ 1000 പേർ പ്രവർത്തിക്കുന്നുണ്ടെന്നും, അംഗൻവാടി വർക്കേഴ്സ് 25,590 സാങ്ഷൻ ചെയ്തതിൽ 24,268 പേർ ഇപ്പോൾ നിലവിലുണ്ടെന്നും, ഹെൽപ്പർമാരുടെ എണ്ണം അംഗൻവാടി 25,590 സാങ്ഷൻ ചെയ്തിട്ടുള്ളതിൽ 24,112 നിലവിൽ ഉണ്ടെന്നും ആണ്. അപ്പോൾ ഇതിന്റെ കണക്കനുസരിച്ച് പറഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

50,000-ൽപ്പരം പേരാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. വളരെ നാമമാത്രമായ ഒരു ഓണറേറിയം മാത്രമാണ് ഇവർക്ക് നൽകിക്കൊണ്ടിരിക്കുന്നത്. ഇതുസംബന്ധിച്ച് ഈയടുത്ത കാലത്താണ് കേന്ദ്ര ഗവൺമെന്റ് ഇവരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻവേണ്ടി ഒരു ചെറിയ നിർദ്ദേശം കൊണ്ടുവന്നിട്ടുള്ളത്. അതനുസരിച്ച് 438 രൂപ ഉണ്ടായിരുന്ന അംഗൻവാടി നോൺ മെട്രിക്കുലേറ്റ് വർക്കർക്ക് ഇപ്പോൾ അത് 1269 രൂപയായി വർദ്ധിച്ചിട്ടുണ്ട്. മെട്രിക്കുലേറ്റ് വർക്കർക്ക് 1300 രൂപയായിട്ട് വർദ്ധിച്ചിട്ടുണ്ട്. ഇത് ഒരു ദിവസം ഒരു 50 രൂപ പോലും സത്യത്തിൽ ഇവർക്ക് ലഭ്യമാകുന്നില്ല. അതുപോലെ ഹെൽപ്പർക്ക് മാസം പരമാവധി 800 രൂപ ലഭിക്കും.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ശ്രീ. പ്രതാപവർമ്മ തമ്പാൻ ഇവിടെ അംഗൻവാടി വർക്കേഴ്സിന്റെ കാര്യമാണല്ലോ പറയുന്നത്. അംഗൻവാടി എന്ന വാക്കിന്റെ അർത്ഥം തന്നെ 'വീട്ടുമുറ്റത്തെ പൂന്തോട്ടം' എന്നാണ്. ഇന്ന് നമ്മുടെ പല അംഗൻവാടികളുടെയും പരിതസ്ഥിതി തൊഴുത്തിനെക്കാളും കഷ്ടമാണ്. പശുത്തൊഴുത്തിനെക്കാൾ കഷ്ടമായ സ്ഥലങ്ങളിലാണ് പലപ്പോഴും ഈ കുട്ടികളെ കൊണ്ടിരുത്തുന്നത്, ഭക്ഷണം കൊടുക്കുന്നത്. അതുകൊണ്ട് ഈ വർക്കേഴ്സിന്റെ വെൽഫെയറിനോടൊപ്പം തന്നെ ഈ അംഗൻവാടികൾക്ക് നല്ല കെട്ടിടം ഉണ്ടാക്കികൊടുക്കുന്നതിനെക്കുറിച്ച്കൂടി പരിശോധിക്കേണ്ടതല്ലേ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: അത് പരിശോധിക്കേണ്ടതാണ്. ഞാൻ എന്റെ എം.എൽ.എ. ഫണ്ടിൽ നിന്ന് ആദ്യം അനുവദിച്ചതിൽ നിന്ന് ആദ്യം ഒരു കെട്ടിടത്തിന് പൈസ അനുവദിച്ചു. അത് നിർമ്മിച്ച്, ഞാൻ തന്നെ അത് ഉദ്ഘാടനവും ചെയ്തു. ഈ വർഷത്തെ ഫണ്ടിൽ നിന്ന് ഞാൻ രണ്ട് അംഗൻവാടികൾക്ക് കെട്ടിടത്തിന് രൂപ കൊടുത്തിട്ടുണ്ട്. ബാക്കി സാമാജികരും അവരുടെ ഫണ്ട് ഉപയോഗിച്ച് ഇൻഫ്രാസ്ട്രക്ച്ചർ ശരിക്കും ഡവലപ് ചെയ്യണം എന്നുള്ളത് തന്നെയാണ് എന്റെ അഭിപ്രായം.

ശ്രീ. വി. കെ. ചന്ദ്രൻ: ബഹുമാനപ്പെട്ട പ്രതാപവർമ്മ തമ്പാൻ അംഗൻവാടി ജീവനക്കാർ അനുഭവിക്കുന്ന പ്രയാസങ്ങളെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. അംഗൻവാടിയിൽ വരുന്ന കുട്ടികൾക്ക് ഫീഡിംഗ് നൽകിയിരുന്നത് കേന്ദ്ര ഗവൺമെന്റാണ്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ഫീഡിംഗ് നിർത്തലാക്കി. കേന്ദ്ര ഗവൺമെന്റ് ഫീഡിംഗ് നിർത്തലാക്കിയപ്പോൾ സംസ്ഥാന ഗവൺമെന്റ് പറഞ്ഞത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കു കിട്ടുന്ന തുക ഉപയോഗിച്ച് ഈ കുട്ടികൾക്ക് ഫീഡിംഗ് നൽകുമെന്നാണ്. ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് പദ്ധതി വിഹിതത്തിൽ കാര്യമായ വെട്ടിക്കുറവ് നടത്തിയപ്പോൾ കുട്ടികളുടെ ഫീഡിംഗ് മുടങ്ങിക്കൊണ്ടിരിക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇത് നമ്മുടെ സംസ്ഥാനത്തെ അംഗൻവാടികളുടെ പ്രവർത്തനം തന്നെ നിർത്തലാക്കുമെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽ ഉണ്ടോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: അത് ശരിയല്ല സർ, കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് നിർദ്ദേശത്തിലാണ് അവർക്ക് 200 മില്ലി ലിറ്റർ പാലും ഒരു ഷേക്ക്ഹാൻഡും കൂടി കൊടുക്കുന്ന പദ്ധതി ഇവിടെ ആരംഭിച്ചത്. അത് കൂടാതെ മൂന്നു വയസ്സിനും ആറു വയസ്സിനും ഇടയിലുള്ള കുഞ്ഞുങ്ങൾക്ക് ലോക ഭക്ഷ്യ പരിപാടിയിൽ നിന്ന് ലഭിക്കുന്ന consioblend എന്ന ഭക്ഷണ പദാർത്ഥം കൊണ്ട് മൂന്നു മണിക്ക് അവർക്ക് ഉപ്പുമാവ് കൊടുക്കുന്നുണ്ട്. അതുപോലെ ചെറുപയറും അരിയും ചേർന്ന കഞ്ഞി ഉച്ചയ്ക്ക് നൽകുന്നുണ്ട്. ഒരു കുട്ടിക്ക് 50 ഗ്രാം അരിയും 15 ഗ്രാം പയറും ഉപ്പുമാവിന് consioblend-ഉം നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: ശ്രീ. തമ്പാൻ പറഞ്ഞത് ഗോൾഡൻ ഷേക്ക് ഹാൻഡും, പാലുമാണ്, പാൽ ഇല്ല, ഷേക്ക് ഹാന്റേയുള്ളൂ. ഇപ്പോൾ ഷേക്ക് ഹാൻഡും നിർത്തി. ആ കാര്യം അങ്ങേക്കറിയാമോ?

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, അംഗനവാടി ജീവനക്കാരുടെ കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതാപവർമ്മ തമ്പാൻ അവതരിപ്പിച്ച ഈ ബില്ലിൽ അദ്ദേഹം പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് ഏറ്റവും സമയക്കുറവുള്ള ഒരു മറുപടി, ഒരു പക്ഷേ ഈ നിയമസഭയിൽ പറഞ്ഞിട്ടുള്ളത് ശ്രീ. എം. എം. ഹസ്സൻ ആയിരിക്കും. ഇരുപത്തിയയ്യായിരത്തോളം വരുന്ന അംഗനവാടി ജീവനക്കാരുടെ പ്രശ്നം കേരളം പോലുള്ള സംസ്ഥാനത്തിൽ ഇത്രയും സമയക്കുറവുള്ള ഒരു മറുപടി അദ്ദേഹം ഇതിനുവേണ്ടി പറഞ്ഞിട്ടുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അംഗനവാടി ജീവനക്കാരുടെ വെൽഫെയറിന്റെ കാര്യത്തിലും അംഗനവാടി ജീവനക്കാരുടെ ഇപ്പോഴത്തെ അലവൻസിന്റെ കാര്യത്തിലും അവർ പൊതുവേ പറയുന്നത് വായ്ക്കരിയിടണ്ട എന്നാണ്. അവർ ജീവിച്ചിരുന്നിട്ട് വേണ്ടേ പല കാര്യങ്ങളും ചെയ്യാൻ.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ബഹുമാനപ്പെട്ട ചന്ദ്രമോഹൻ പറഞ്ഞത് ശരിയാണ്. ഈ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണെങ്കിലും നമ്മളെപ്പോലുള്ള കേരളാ മോഡൽ എന്നു പറഞ്ഞ് അഭിമാനിക്കുന്ന നമ്മുടെ സംസ്ഥാനത്തിന് ഇക്കാര്യത്തിൽ ഗുണപരമായ എന്തെങ്കിലും സംഭാവന ചെയ്യേണ്ടതുണ്ട് എന്നുതന്നെയാണ് എന്റെ അഭിപ്രായം.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: ബഹുമാനപ്പെട്ട മെമ്പർ അംഗനവാടി ജീവനക്കാരുടെ വ്യത്യസ്ത തലങ്ങളിൽപ്പെടുന്നവരുടെ എണ്ണവും മറ്റും ഇവിടെ പറഞ്ഞല്ലോ. ഇപ്പോൾ വർക്കർമാരിൽ അഞ്ചു കൊല്ലം എക്സ്പീരിയൻസ് ഉള്ളവരെ സി.ഡി.പി.ഒ.-മാരായിട്ട് ഡെപ്യൂട്ടേഷനിൽ തുടരാൻ അനുവദിച്ചിരുന്നു. ഇപ്പോൾ പത്തു കൊല്ലം സർവ്വീസുള്ള വർക്കർമാരിൽ നിന്ന് സി.ഡി.പി.ഒ.-മാരെ തെരഞ്ഞെടുക്കാനുള്ള നീക്കങ്ങളാണ് നടക്കുന്നത്. അഞ്ചു കൊല്ലം വർക്ക് എക്സ്പീരിയൻസ് ഉള്ളവർ സി.ഡി.പി.ഒ.-മാരായിട്ട് ഇപ്പോൾ പതിമൂന്നും പതിനാലുമൊക്കെ കൊല്ലം ഈ മേഖലയിൽ സേവനം അനുഷ്ഠിച്ചുകഴിഞ്ഞു. ആ നിലയ്ക്ക് ഇത്തരത്തിൽപ്പെട്ടവരെ സി.ഡി.പി.ഒ.-മാരായി സെലക്ഷൻ കിട്ടുന്നതിന് ആവശ്യമായിട്ടുള്ള ഗൗരവപൂർവമായ.....

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സൂപ്പർവൈസറി വേക്കൻസിയിൽ ഈ പറഞ്ഞ മാതിരിയുള്ള.....

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: മെമ്പർക്ക് അറിയാവുന്ന കാര്യമാണ്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സത്യം തന്നെയാണ് അതിൽ 25 ശതമാനം പേരെ പ്രൊമോഷൻ വഴി ഇവർക്ക് ലഭ്യമാക്കാനുള്ള 1995-ലെ നിയമം നടപ്പിലായിട്ടില്ല; ആ തീരുമാനം പെട്ടെന്ന് നടപ്പിലാക്കേണ്ടതുണ്ട്. അതുപോലെതന്നെ ആയിരം ജനസംഖ്യക്ക് ഒരു അംഗനവാടിയെന്നുള്ള സങ്കൽപ്പം അനുസരിച്ച് പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ കുറച്ചുകൂടി.....

ശ്രീ. കെ. പി. രാജേന്ദ്രൻ: ഈ ചർച്ചകൊണ്ട് ഒരു പ്രയോജനവും അതിന് ഒരു തീരുമാനവും ഉണ്ടാകാൻ വേണ്ടിയാണ്, ഞാൻ പറയുന്നത്. ഷേക്ഹാൻഡ് നിർത്തി. കുഞ്ഞുങ്ങൾക്ക് പാൽ കൊടുക്കുന്ന പദ്ധതിയുടെ ഫലമായി കുടിശ്ശിക വച്ചതിൽ പന്ത്രണ്ടര കോടി രൂപ ഗവൺമെന്റ് മിൽമയ്ക്ക് നൽകാൻ ഉണ്ട്. രേഖാമൂലം ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി മിനിസ്റ്റർ ചോദ്യത്തിന് ഉത്തരമായി ഈ സഭയിൽ നൽകിയിട്ടുണ്ട്. രണ്ടാമത് പറഞ്ഞത്, കുടിശ്ശിക കൊടുത്തുതീർത്തില്ലായെങ്കിൽ മിൽമ പാൽ കൊടുക്കുന്ന പദ്ധതി നിർത്തൽ ആക്കും. മൂന്നാമത് പറഞ്ഞത് 6800 അംഗനവാടിയിൽ ഇപ്പോൾതന്നെ ഈ പദ്ധതി നിന്നുപോയി. അതുകൊണ്ട് കുഞ്ഞുങ്ങൾക്ക് പാൽ കൊടുക്കാൻ ആ സംഖ്യ കുടിശ്ശിക തീർത്ത്, മുഴുവൻ അംഗനവാടികൾക്കായി 200 മില്ലീലിറ്റർ പാൽ കൊടുക്കാൻ ഒരു നടപടിയുണ്ടാകണമെന്ന് മന്ത്രി മറുപടി പറയുമ്പോഴെങ്കിലും ഒരു തീരുമാനമുണ്ടാകണം.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: അതിന് അടിയന്തിരമായ നടപടി സ്വീകരിക്കേണ്ടതാണ് എന്നുള്ളത് തന്നെയാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ നമ്മുടെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശങ്കരനാരായണൻ 2003 മാർച്ച് 14-ന് അവതരിപ്പിച്ച ബഡ്ജറ്റിൽ പേജ് നമ്പർ 40-ൽ അംഗനവാടി വർക്കർമാർക്കും നഴ്സുമാർക്കും മെച്ചപ്പെട്ട പരിഗണനയെന്ന അദ്ധ്യായത്തിൽ 163-ാം പാരയിൽ പറയുന്നത് അവരുടെ വിഹിതം വർദ്ധിപ്പിച്ചുകൊണ്ടുള്ള ഒരു തീരുമാനം എടുത്തിട്ടുണ്ടെന്നാണ്. അതിനുവേണ്ടി രണ്ടു കോടി രൂപയുടെ അധികച്ചെലവാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. ഇതുവരെ ഉത്തരവ് ആയിട്ടില്ല. ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞ കുഞ്ഞുങ്ങളുടെ വിഷയവും അതുപോലെതന്നെ സജീവമായിട്ട് പരിഗണിക്കേണ്ടത് തന്നെയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇവിടെ നേരത്തെ പറഞ്ഞ പാലും ഷേക്ഹാൻഡും ഒക്കെ ആയിക്കൊള്ളട്ടെ, സർ അവിടെ കുടിക്കാനുള്ള പച്ചവെള്ളമില്ല. അവിടെ വരുന്ന വർക്കേഴ്സിനും ഹെൽപ്പേഴ്സിനും മലമൂത്ര വിസർജനം നടത്താനുള്ള മാന്യമായ സ്ഥലംവേണ്ടേ, പാലും ബാക്കിയുള്ള കാര്യങ്ങളൊക്കെ കൊടുക്കണം. സർ പ്രൈമറി നെസസിറ്റീസ് നടപ്പിലാക്കുന്ന കാര്യത്തിൽ (അപ്പുറത്തുനിന്ന് ചിരിക്കണ്ട) നമ്മൾ രണ്ടുകൂട്ടരും ഒരു പോലെയാണ്. അപ്പോൾ പ്രൈമറി നെസസിറ്റീസ് നടത്തുന്നതിന് വേണ്ടിയുള്ള നടപടി ഉണ്ടാകുമോ? ഇപ്പോൾ പ്രൈമറി സ്കൂളുകളിൽ അറ്റാച് ചെയ്ത് പ്രീപ്രൈമറി വിദ്യാഭ്യാസം ഉണ്ടാകുന്നുണ്ട്. ഇവിടെ പോകുന്ന കുട്ടികളുടെ ക്ലാസ് ക്യാരക്ടർ നോക്കണം എല്ലാം പാവപ്പെട്ടവരാണ്, വെറും പാവപ്പെട്ടവരാണ്. അപ്പോൾ അവർക്ക് വിദ്യാഭ്യാസപരമായിട്ടും കായികപരമായിട്ടും വിനോദപരമായിട്ടുമൊക്കെ ഉന്നതമായ ഒരു അവസ്ഥയിൽ എത്തിക്കാൻ ട്രെയിനിംഗ് കൊടുത്തു കൊണ്ടിരിക്കുന്ന അൻപതിനായിരത്തോളം വരുന്ന അവിടത്തെ വർക്കേഴ്സ്, ഹെൽപ്പേഴ്സ് ആയ ആളുകൾക്ക് ആനുകൂല്യങ്ങൾ കൊടുക്കാനായിട്ടുള്ള സമഗ്രമായ പദ്ധതിയെക്കുറിച്ച് അങ്ങ് ഇവിടെ ഉന്നയിക്കുന്നില്ലേ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: തീർച്ചയായിട്ടും ഞാൻ ഉന്നയിക്കുന്നു. അനൗപചാരികമായിട്ടുള്ള പ്രീസ്കൂൾ വിദ്യാഭ്യാസം, ആരോഗ്യ പരിശോധന, രോഗ പ്രതിരോധ കുത്തിവയ്പ്പ്, ആരോഗ്യ പോഷണ വിദ്യാഭ്യാസം, അനുകൂലക പോഷകാഹാര വിതരണം എന്നീ ലക്ഷ്യങ്ങളാണ് അംഗനവാടികളുടെ മേൽ ഏൽപ്പിച്ചിട്ടുള്ളത്. ഈ

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുവേണ്ടി—ഇപ്പോൾ പാലിന്റെ കാര്യം ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞത് വർക്കർമാരും ഹെൽപ്പർമാരും ഈ പാൽ വാങ്ങിക്കാൻ ആട്ടോപിടിച്ചുപോകുന്നതുമൂലം 25 രൂപ ഡെയിലി അവരുടെ കയ്യിൽ നിന്ന് ആയിക്കൊണ്ടിരിക്കുകയാണ് എന്നാണ്. സർക്കാരിന് കോടിക്കണക്കിന് ബാദ്ധ്യതയാകുമ്പോഴും ഈ വെറും 800 രൂപയും 1200 രൂപയും കിട്ടുന്നതിൽ നിന്നുതന്നെ ചെലവാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ പാലും വെള്ളവും മാത്രം കൊടുത്താൽ പോരാ, ഇത് കളിച്ചു പഠിക്കേണ്ട സമയമാണ്. കളിസാധനമാണ് വളരെ പ്രധാനം. പാലും വെള്ളവും കൊടുക്കുന്നതൊടൊപ്പം കളിക്കോപ്പ് കൂടി കൊടുക്കാനുള്ള സംവിധാനം വേണം. അത് അങ്ങയുടെ ബില്ലിൽ ഉണ്ടോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ ഇതിനെ സംബന്ധിച്ച് സർവതോന്മുഖമായ എല്ലാ കാര്യങ്ങളും ഉൾക്കൊള്ളിക്കുന്ന സമഗ്രമായ എന്റെ ഈ ബിൽ ഈ സഭ നേരിട്ട് ഏറ്റെടുത്ത് പാസ്സാക്കണമെന്നുള്ളതാണ് എന്റെ ആവശ്യം.

ഡോ. എ. നീലലോഹിതദാസൻ നാടാർ: അങ്ങയുടെ നിയോജകമണ്ഡലത്തിലെ അംഗനവാടികളിൽ ഓരോന്നിലും ആവറേജ് എത്ര കുട്ടികൾ വീതമാണ് ഓരോ ദിവസവും വരുന്നത് എന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടോ? അതിനെക്കുറിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ഒരു പതിനഞ്ചു മുതൽ ഇരുപത്തിയഞ്ചുവരെ കുട്ടികൾ എല്ലായിടത്തും വരുന്നുണ്ട് എന്നുള്ളതാണ് കണക്ക്. അതിനെക്കുറിച്ച് ഞാൻ സ്ഥിരമായിട്ട് ചിലപ്പോൾ എല്ലാം ശ്രദ്ധിക്കാറുണ്ട്. പക്ഷേ കുട്ടികൾ കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നുള്ളത് വാസ്തവം തന്നെയാണ്. ഞാൻ നിഷേധിക്കുന്നില്ല. അതിന്റെ കാരണം ഇപ്പോൾ സ്കൂളുകളിൽ പോലും ഉച്ചക്കഞ്ഞിയും പയറും കിട്ടുമെന്ന് പറഞ്ഞുകൊണ്ട് പോയി പഠിക്കുന്ന എത്രയോ ആയിരങ്ങളുള്ള ഒരു സംസ്ഥാനമാണ് നമ്മുടേത്. ഇന്നത്തെ ആധുനിക സാഹചര്യങ്ങളെല്ലാം—ഒരു ഗതിയും ഇല്ലാത്ത ആളുകളാണ് അവിടെ പോകുന്നത് എന്ന രീതിയിൽ കാര്യങ്ങൾ മാറിയിട്ടുണ്ട് എന്നുള്ളത് അവസാനിപ്പിക്കേണ്ടത് നമുക്ക് ആവശ്യമാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്ന വർക്കർമാർക്കും ഹെൽപ്പർമാർക്കും നിരവധി പ്രശ്നങ്ങളുണ്ട്. ഇതുവരെ പെൻഷൻ പ്രായം തീരുമാനിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ 60 വയസ്സ് എന്നുള്ള.....

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേക്ക് അനുവദിച്ച സമയം കഴിഞ്ഞു. അടുത്ത പ്രമേയം അങ്ങയുടേതാണ്, അങ്ങ് അവതരിപ്പിക്കണം.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ പ്രധാനപ്പെട്ട കാര്യമാണ്. കേന്ദ്രത്തിന്റെ വയസ്സിന്റെ കാലാവധി 60 വയസ്സ് ആയതുകൊണ്ട് ഇവർക്കും 60 വയസ്സ് എന്നുള്ള നിലയിൽ പെൻഷൻ പ്രായം നിശ്ചയിക്കുകയും അതുപോലെ ഇവർക്ക് ഒരു മിനിമം പെൻഷൻ എങ്കിലും അനുവദിക്കാൻ വേണ്ടിയുള്ള നടപടികളുണ്ടാവുകയും വേണം. അതുപോലെ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി ആയിരുന്നപ്പോഴാണ് ഇവർക്ക് ഫെസ്റ്റിവൽ അലവൻസ് അനുവദിച്ചത്. അതും വർദ്ധിപ്പിക്കണം.

Mr. Deputy Speaker: Time is over..... You can continue next day.....please.....

(ചർച്ച തുടരും)

LIBRARY ARCHIVES Kerala Legislative Assembly